**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ നടപ്പാക്കുന്നതോടുകൂടി സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിലെ ജി.എസ്.ടി. ചട്ടങ്ങളനുസരിച്ച് രണ്ട് ലക്ഷം രൂപയോ അതിന് മുകളിലുള്ള തുകയോ (അത് സംസ്ഥാന, കേന്ദ്ര ജി.എസ്.ടി. അധികാരികൾ തീരുമാനിച്ച് നോട്ടിഫൈ ചെയ്യുന്നത്, ഏതാണോ കൂടുതൽ അത്) ഉള്ള സ്വർണ്ണത്തിന്റേയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങൾക്ക മാത്രമേ ഇ-വേ ബിൽ ബാധകമാകുന്നുള്ളൂ.ഇത്തരത്തിൽ സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കുന്നതിലൂടെ സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. നിലവിലെ ചട്ടങ്ങളനുസരിച്ച് സ്വർണ്ണത്തിന്റേയും വിലയേറിയ രത്നങ്ങളുടേയും അന്തർസംസ്ഥാന ചരക്ക് നീക്കത്തിന് ഇ-വേ ബിൽ ബാധകമാകുന്നില്ല. |
| (ബി) | ഇ-വേ ബിൽ നടപ്പാക്കുന്നതിൽ സ്വർണ്ണ വ്യാപാരികൾക്കുള്ള ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇ-വേ ബിൽ നടപ്പാക്കുന്നതിൽ സ്വർണ്ണ വ്യാപാരികൾക്കുള്ള ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വർണത്തിനു ഇ-വേ ബിൽ കൊണ്ട് വരുന്നതിൽ സ്വർണാഭരണ മേഖലയുടെ പ്രധാന ആശങ്കയായിരുന്ന സെക്യൂരിറ്റി പ്രശ്നം പരിഹരിക്കുന്നതിനായി, ചരക്കു കൊണ്ടുവരുന്ന വാഹനങ്ങളുടെ വിവരം ഇ-വേ ബില്ലിൽ നൽകേണ്ടതില്ല എന്ന വ്യവസ്ഥ നിലവിലുണ്ട്. സ്വർണ്ണ മേഖലയുമായി ബന്ധപ്പെട്ട വ്യാപാര സംഘടനകളുമായി ഇതു സംബന്ധിച്ച ചർച്ചകൾ നടക്കുന്നുണ്ട്. |
| (സി) | സ്വർണ്ണ വ്യാപാര രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | സ്വർണ്ണ വ്യാപാര രംഗത്തെ നികുതി വെട്ടിപ്പ് തടയുന്നതിനായി ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം |

| | | | |
|---|---|---|---|
| | | | സ്വർണ്ണ വിൽപ്പന നടത്തുന്ന കടകളിൽ പരിശോധന നടത്തിയും വകുപ്പിന്റെ എൻഫോഴ്‌സ്‌മെന്റ് വിഭാഗം വാഹന പരിശോധനകൾ നടത്തിയും നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സ്വർണ്ണത്തിന്റെ കള്ളക്കടത്ത് തടയുന്നതിനായി ആഭരണങ്ങളുടെ നിർമ്മാണം മുതൽ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നത് വരെയുള്ള പ്രക്രിയയ്ക്ക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | സ്വർണ്ണത്തിന്റെ കള്ളക്കടത്ത് തടയുന്നതിനായി ആഭരണങ്ങളുടെ നിർമ്മാണം മുതൽ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നത് വരെയുള്ള പ്രക്രിയയ്ക്ക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികളൊന്നും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ